

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൂത്തുപറമ്പ് മുനിസിപ്പാലിറ്റി ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./
സി.15/530/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 17/05/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും

അത്മേൽ എടുത്ത തീരുമാനത്ത്ിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം, തിരുവന്തപുരം (ഉപരിപത്രം സഹിതം)
5. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./ സി.15/530/23

തീയ്യതി: 17/05/2023

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2022 മുതൽ 02-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-04-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി

പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കിഷോർ തോമസ് .എം	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	03-04-2023	18-04-2023
ശ്രീ.രാജിലൻ എം.സി.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്ജ്	19-04-2023	29-04-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-04-2023	29-04-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ - ഓഡിറ്റ് ഓഫിസർ (ഹ ഗ്രേ)

ശ്രീമതി.വിപിന വത്സരാജ്- അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ശ്രീ.ഗോകുൽ.ഡ ി.കെ - ഓഡ ിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. വി. സുജാത ടീച്ചർ	ചെയർപേഴ്സൺ	01-04-2021	31-03-2022
ശ്രീ. സജിത്ത് കുമാർ. കെ. കെ.	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	ത (ര
ശ്രീ. വിനോദൻ. കെ.	മുനിസിപ്പൽ എഞ്ചിനീയർ	01-04-2021	3
ശ്രീമതി.സൗമ്യ.എ	കൃഷി ഓഫീസർ	01-04-2021	3
ഡോ.ധനഞ്ജയൻ. സി. പി.	സീനിയർ വെറ്റിനറി സർജൻ	01-04-2021	3
ഡോ.ജീജ	മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ	01-04-2021	3
ഡോ.അരുൺ .പി. കെ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2021	3
ഡോ.സുധീര	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2021	3
ശ്രീ.ബാബു.വി.പി	ഹെൽത്ത് ഓഫീസർ	01-04-2021	3
ശ്രീമതി.ഗീത.വി	ഹെഡ് മിസ്ട്രസ്സ്	01-04-2021	3
ശ്രീ.അനീഷ്.കെ	പ്രോജക്ട് ഓഫീസർ	01-04-2021	3
ശ്രീമതി.രജനി.പി.വി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2021	2

ശ്രീമതി.രസ്ന സദൻ	ഐ സി ഡി എസ് സൂപ്പർവൈസർ	25-06-2021	1
ശ്രീമതി.പ്രിയ.പി.എം	ഐ സി ഡി എസ് സൂപ്പർവൈസർ	13-11-2021	3
ശ്രീമതി.പ്രീത.പി.വി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	0
ശ്രീ.ഷാജി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	09-10-2021	3

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ	1-2-1
3	നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ	1-2-2
4	വാർഷിക ധനകാര്യ പത്രിക	1-2
5	സാമ്പത്തിക വിശകലനം	1-3
6	ഫണ്ട് വിനിയോഗം	1-4
7	നടപ്പിലാക്കാത്ത പദ്ധതികൾ	1-5-1
8	പദ്ധതിഅവലോകനം	1-5
9	അയ്യങ്കാളി- തൊഴിലുറപ്പ് പദ്ധതി	1-6
10	പെൻഷൻ വിതരണം- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാത്തത് മൂലം പെൻഷൻ തുക അധികമായി നൽകപ്പെടുന്നു	1-7-1
11	ക്ഷേമ പദ്ധതി കണക്കിലെ അപാകങ്ങൾ	1-7-2
12	ക്ഷേമപദ്ധതികൾ	1-7
13	ക്യാഷ് പരിശോധന	1-8
14	ആഭ്യന്തര നിയന്ത്രണം	1-9
15	വാർഡ് സഭ	1-10
16	"സകർമ" ഓൺലൈൻ ആപ്ളിക്കേഷൻ വിന്യസിക്കാത്തത്	1-11
17	വസ്തു നികുതി-ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.	1-12
18	മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക (₹91,223) ഈടാക്കിയിട്ടില്ല	1-13
19	സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള വസ്തു നികുതി കുടിശ്ശിക (₹1,20,372)ഈടാക്കിയിട്ടില്ല	1-14
20	അനധികൃത കെട്ടിടത്തിൽ നിന്നും വസ്തു നികുതി കുടിശ്ശിക ₹913544 ഈടാക്കിയിട്ടില്ല	1-15

21	FTE&OS ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ സംബന്ധിച്ച്	1-16
22	FTE&OS ലൈസൻസ് അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നില്ല - ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഗണ്യമായ ശോഷണത്തിന് സാധ്യത	1-17
23	നഗരസഭ പരിധിയിലെ ജിംനേഷ്യങ്ങൾ ലൈസൻസ് ഇല്ലാതെ(FTE&OS ലൈസൻസ് ,1963 ലെ KPPR നിയമ പ്രകാരമുള്ള ലൈസൻസ്) പ്രവർത്തിക്കുന്നു	1-18
24	തൊഴിൽ നികുതി വരവ് അപാകങ്ങൾ	1-19
25	റേഷൻ കടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-20
26	മുഴുവൻ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല	1-21
27	വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു	1-22-1
28	കെട്ടിട വാടക വരവ് പൊതു അപാകങ്ങൾ	1-22
29	വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല	1-23
30	സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജ്ജിതാവധി അനുവദിച്ചു	1-24
31	ചെയർമാനും സെക്രട്ടറിക്കും മൊബൈൽ ഫോൺ - അധികം ചെലവഴിച്ച ₹12,000യുടെ ചെലവ് നിരാകരിക്കുന്നു	1-25
32	സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന ജീവനക്കാരന് നഗരസഭ യു പി എ ഫണ്ടിൽ നിന്ന് ഓണറേറിയം അനുവദിച്ചത് ക്രമപ്രകാരമല്ല-₹ 57,250യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .	1-26
33	അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തിരികെ ലഭിക്കാനുള്ള തുക ലഭ്യമായിട്ടില്ല.	1-27
34	2011 മെയ് മാസം മുതലുള്ള,സെക്രട്ടറിമാരുടെ ശമ്പളം ,അലവൻസ്, പെൻഷൻ അംശദാനം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല	1-28

35	സാക്ഷരതാ പ്രേരക്മാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ ഹോണറേറിയം ₹66,992 തിരികെ ലഭ്യമായതിന്റെ വിവരമില്ല	1-29
36	റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട്	1-30
37	കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ	1-31
38	പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമടക്കൽ -കൃത്യമായ പരിശോധനയില്ലാതെ വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നു	1-32
39	ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	1-33
40	കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും,₹24,105 തിരിച്ചടക്കേണ്ടതുമാണ്	1-34
41	അങ്കണവാടി പോഷകാഹാര വിതരണം ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തത് കുറവ്	1-35
42	സബ്സിഡി മാനദണ്ഡം പാലിക്കാതെ സൗരറാന്തൽ വാങ്ങി നൽകി	1-36
43	ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കാവശ്യമായ മരുന്നും കൺസ്യൂമബിൾസും വാങ്ങൽ - ₹7893.28യുടെ മരുന്നുകളും കൺസ്യൂമബിൾസും ലഭ്യമായില്ല	1-37
44	സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത കാലിബാരൽ വിലയുടെ ജി എസ് ടി ,ജി എസ് ടി വകുപ്പിൽ തിരിച്ചടച്ചിട്ടില്ല	1-38
45	മരാമത്ത് പ്രവൃത്തി നിർവ്വഹണം - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ	1-39
46	സിംഗിൾ ടെണ്ടർ സ്വീകരിക്കുമ്പോഴുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തത്	1-40
47	പി എം എ വൈ- ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ	1-41
48	വീട്ടുവളപ്പിൽ ബയോഫ്ലോക് മത്സ്യകൃഷി പൂർത്തീകരണ വിവരമില്ല ₹107132യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-42

49	വീട്ടുവളപ്പിൽ മത്സ്യകൃഷി(പടുതാകുളം) നടത്തിപ്പിലെ അപാകങ്ങൾ ₹149025യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-43
50	രജിസ്റ്ററുകളുടെ സൂക്ഷിപ്പ്	1-44
51	കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാത്തത്	1-45
52	നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ,ഭൂനികുതി ഒടുക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടത്	1-46
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ചെയർമാനും സെക്രട്ടറിക്കും മൊബൈൽ ഫോൺ - അധികം ചെലവഴിച്ച ₹12,000യുടെ ചെലവ് നിരാകരിക്കുന്നു	3-1
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ-	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	RECEIPT & PAYMENT STATEMENT
4	INCOME & EXPENDITURE STATEMENT
5	BALANCE SHEET

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ്		പുതുക്കിയ ബജറ്റ്	
ഭരണ സമിതി തീരുമാനം & തിയ്യതി	18.2.2021 തീരുമാനം 1	ഭരണ സമിതി തീരുമാനം & തിയ്യതി	26.3.2022 തീരുമാനം 1
മുന്നിരിപ്പ്	3,81,73,603	മുന്നിരിപ്പ്	3,85,64,428
വരവ്	44,86,34,100	വരവ്	33,34,99,600
ആകെ	48,68,07,703	ആകെ	37,20,64,028
ചെലവ്	48,23,27,000	ചെലവ്	31,41,01,000
നീക്കിയിരിപ്പ്	44,80,703	നീക്കിയിരിപ്പ്	5,79,63,028

1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1-വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതത്തിൽ ജി ഒ ര 232/22ലെ ചെലവ് ₹21,740 വാർഷീക ധനകാര്യ പത്രിക I-6 ഷെഡ്യൂളിൽ 6ലും ഒരേ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്)

2-മെയിന്റൻസ് ഗ്രാന്റ് റോഡിതരത്തിൽ പ്രോജക്ട് 357/22-₹4,97,373 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

3- ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ് 2.618 കോടി , ചെലവ് 2.193കോ വാർഷീക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല
4-സെൻട്രൽ ഫണ്ടിന്റെ ഇനം തിരിച്ചുള്ള ഫണ്ട് വിനിയോഗ വിവരം സൂക്ഷിക്കുന്നില്ല .അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ B-4 ഷെഡ്യൂ ഷെഡ്യൂളിൽ ₹(12,813)ഉം ആണ്.

5-ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല
6-ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയ ഷെഡ്യൂളിൽ ചേർത്തിട്ടില്ല. വിനിയോഗിക്കാത്ത തുക B-18 ഷെഡ്യൂളിര

7-വാർഷിക ധനകാര്യ പത്രിക RP-41 ഷെഡ്യൂളിലെ പലവക മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല. നാളിതു വരെ ക്രമീകരിക്കാനുള്ള മുൻക എഴുതുകയോ, സംക്ഷിപ്തം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല .
ഓണം മുൻകൂറിൽ അധികം ഈടാക്കിയ 1,000 തിരിച്ചടച്ചത് വാ ഉൾപ്പെടുത്തിയിട്ടില്ല.
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി നഗര സഭ മുൻകൂറായ് ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറായി നൽകുന്ന ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല .

8-വസ്തു നികുതി തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ്, പെ
ഡിമാന്റ്, കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്ക
ലഭ്യമായിട്ടില്ല. വിശദ വിവരം 1-23ൽ ഉൾപ്പെടുത്തിയിട്ടുണ്ട് . (സഞ്ചയ അ
ബി പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.)

9-ചെയർമാൻ ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് B-2 ഷെഡ്യൂളിൽ ₹2
₹3281 യും ആണ്.

10-ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള മിച്ചം വന്ന
ക്രമീകരിച്ചതിൽ വ്യത്യാസം കാണുന്നു. 31-03-2021 ലെ B-1 ഷെഡ്യൂൾ പ്ര
34485446 രൂപയാണ്. ഈ തുകയോട് തൻവർഷ Gross Surplus (-)₹925541
Expenditure ഷെഡ്യൂളിലെ Excess Of Income Over Expenditure
രേഖപ്പെടുത്തിയിരിക്കുന്നത്

11-B3-ഷെഡ്യൂളിലെ കാപ്പിറ്റൽ കോൺട്രീബ്യൂഷൻ അതേർസിൽ
ആവർത്തിച്ചിരിക്കുന്നു .

10- ബി-9 ഷെഡ്യൂളിൽ വിവിധ ബാധ്യതകൾക്കായി ഉൾപ്പെ
പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. B9 അ
റിക്കവറി 49,800 മുൻവർഷത്തെ തുക തന്നെയാണ്. ആയത് ബാധ്യതയി

11- വാർഷീക ധനകാര്യ പത്രികയിൽ Write Off& Remission തുക രേഖപ്പെട

12-ബാലൻസ് ഷീറ്റ് B-21ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിരിയ്ക്കുന്നത് മ

13-സാമൂഹ്യ സുരക്ഷാ പെൻഷൻ- 2020-21 ലെ പെൻഷൻ 2021-22 സാമ്പ
ഐ 6, ഐ 14 ഡി ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ
പെൻഷൻ വിതരണം ചെയ്തത് മാത്രമാണ് ഉൾപ്പെടുത്തിയത്.
ഉൾപ്പെടുത്തിയിട്ടുണ്ട്

14-വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം I-6
14ഷെഡ്യൂൾ പ്രകാരം ₹3,90,000 .വ്യത്യാസം വിശദമാക്കിയിട്ടില്ല

15-പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റുകൾ ഹ
റീകൺസിലിയേഷൻ സ്റ്റേറ്റ്മന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന

16-റീകൺസിലിയേഷൻ നടത്തിയത് ശരിയായ രീതിയിലല്ല .റ
സ്റ്റേറ്റ്മന്റുകളിൽ പണമാക്കാത്ത ചെക്കുകളിലും ,ഡയറക്ട് ഡബിറ്റ
ചെക്കുകൾ ഉണ്ട്. ഇവ നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	Cheque Issued Presentedചെക്കുകളിലെ ആകെ തുക (ചെക്കുകളിലെ ഏറ്റവും പഴകിയ ചെക്കിന്റെ തീയതി)	Cheque Deposited But Not Collected ആകെ തുക (ചെക്കുകളിലെ ഏറ്റവും പഴകിയ ചെക്കിന്റെതീയതി)	Direct ചെക ആകെ (ചെ ഏറ്റവ ചെക)

തനത് ഫണ്ട്- S B I ബാങ്ക്- A/C No-10645203276(450210100)	40,469,837 (31.3.2010)	40080173 (7.9.2012)	11,33,2 (30.3.2
എസ് ബി ഐ-ഇ പെയ്മെന്റ് (450210300)	1,69,137 (3.4.2020)	240677 (29.3.2020)	46,911 (3.4.20
L G TS B (450250300)	21332854 (1.3.21)	21097650 (28.3.2021)	32693 (9.3.20
ട്രഷറി ടി പി എ -255 PF(450450100)	2006624 (27.11.2017)	2006624 (27.11.2017)	
ട്രഷറി ടി പി എ -279Pension (450450200)	1,23,024 (5.3.2018)	1,23,024 (28.3.2017)	
P N B (Auction)1700019168(450210200)	30,000 (19.9.2016)	30,000 (19.9.2016)	
P N B-117768PMAY(450410200)	11,55,000 (28.6.2017)	11,55,000 (28.6.2017)	
HDFC-450220200	27508 (1.4.2020)	29,633 (26.2.2020)	

പണമാക്കാത്തചെക്കുകളിൽ മൂന്ന് മാസങ്ങൾക്ക് മുൻപുള്ള എല്ലാ ഉൾപ്പെടുത്തിയിട്ടില്ല .

17-താഴെ പറയുന്ന ശീർഷകങ്ങളിലെ തുകകളിൽ നീക്കിയിരിപ്പ് നെഗ

ക്രമ നമ്പർ		ഷെഡ്യൂൾ	ശീർഷകം	തുക
1	B9	350110500	Pension And Gratuity Payable	(-) 4527268
2	B9	350110600	Contribution To Central Pension Fund Payable	(-) 258599
3	B9	350200120	Recoveries Payable-Welfare Subscription	(-) 9546
4	B9	350209900	Recoveries Payable - Other Recoveries	(-) 52567
5	B9	350200129	Recoveries Payable - Contributory Pension	(-) 44555
6	B9	350400500	Refund Payable - Grants	(-) 614981

7	B9	350409900	Refund Payable - OTHERS	(-) 500
8	B15	431400102	Rent Receivable From Civic Amenities (Arrears	(-) 970401
9	B15	431100200	Receivables For Property Taxes (Arrears)	(-) 3,911,088
10	B15	431400107	Rent Receivable From Lease On Lands (Current)	(-) 170000
11	B15	431800120	Receivables For Service Cess (Arrears)	(-) 259233
12	B17	450410100	Canara Bank 1405(Ayyankali)	(-) 12813
13	1-4(B)	140500100	Water Charges	(-) 424
14	1-4(B)	140500400	Electricity Charges	(-) 30365
15	1-4(B)	140500500	Electricity ,Service Connection Charges	(-) 27945

18-B-14 ഷെഡ്യൂൾ പ്രകാരമുള്ള ക്ലോസിംഗ് സ്റ്റോക്ക് - ₹1,41,020 യുടെ വിശ

19-Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Dep Asset Etc) ഹാജരാക്കിയിട്ടില്ല .

20- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും B-11ഷെഡ്യൂളിലെ മ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് .B-11ഷെഡ്യൂളിലെ Capital W തുകകളുടെ വിശദവിവരം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യ

21-ടെണ്ടർ ഫോമുകളുടെ വരവിന്റെ (RP-5-₹2,51,813) സ്റ്റോക്ക്-വിതരണ ര

22- ഇൻകം &എക്സ്പെൻഡിജർ പത്രികയിൽ ആസ്തികൾക്കുള്ള ഉൾപ്പെടുത്തിയിട്ടില്ല

23-ബാലൻസ് ഷീറ്റിൽ, എല്ലാ ആസ്തികളുടെയും ഡിപ്രീസിയേഷൻ കണ പ്ലാന്റ് & മെഷീനറി ഡിപ്രീസിയേഷൻ). ഉൾപ്പെടുത്തിയവയിൽ ആവർത്തിച്ച് രേഖപ്പെടുത്തുകയാണ് ചെയ്തത്

ക്രമ നമ്പർ	ശീർഷകം	ഇനം	2020-21 ബി- 11 പ്രകാരം കാണിച്ച ഡിപ്രീസിയേഷൻ	2021-22 ബി- 1 പ്രകാരം കാണിച്ച ഡിപ്രീസിയേഷ
1	411200100	Accumulate Depreciation Building	(597991)	(597991)

2	411310100	Accumulate Depreciation - Sewerage&Drainage	(799071)	(799071)
3	411600100	Accumulate Depreciation Office&Other Equipments	(514172)	(514172)
4	411700100	Accumulate Depreciation Furniture, Fixtures And Fittings And Electrical	(1714641)	(1714641)
5	411800100	Accumulate Depreciation Other Fixed Assets	(11800386)	(11800386)

24-വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ(2007 കേ ചട്ടങ്ങളിലെ ചട്ടം 58 -2(ഡി) ഉൾപ്പെടുത്തിയിട്ടില്ല.

25- വാർഷീക ധനകാര്യ പത്രികയോടൊപ്പം Note On Account (2007 കേ ചട്ടങ്ങളിലെ ചട്ടം 58 -2) ഉൾപ്പെടുത്തിയിട്ടില്ല

26-വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകകൾ (2007 കേ ചട്ടങ്ങളിലെ ചട്ടം 58 -3) ഉൾപ്പെടുത്തിയിട്ടില്ല

27-വാർഷിക കണക്കിലെ (ബാലൻസ് ഷീറ്റ്) എല്ലാ തുകകളും അ ചെയ്തിട്ടില്ല (2007 കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളിലെ ചട്ടം 58

1-2-2 നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ടുകൾ

തനത് ഫണ്ട് ലേലം വരവിനായി 2 ബാങ്ക്അക്കൗണ്ടുകൾ സൂക്ഷിക്കുന Auction) .ഒരേ ഇനത്തിന് വേണ്ടി 2 അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് ആശ തനത് ഫണ്ടിൽ നിഷ്ക്രിയമായ 2 അക്കൗണ്ടുകൾ നിലനിൽക്കുന്നുണ വിജയ ബാങ്ക് A/C No-9294).ഇവയിൽ ഇടപാടുകൾ നടത്താൻ സാധ്യതയ സ്വീകരിക്കേണ്ടതാണ് .”ഗ്രാന്റ് ഫോർ പ്രോജക്ട് “ എന്ന ഇനത്തി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്.മുൻ വർഷം മുതൽ നീക്കിയിരിപ്പു , എന്തിനു വേണ്ടി ലഭിച്ചതാണെന്നും വ്യക്തമാക്കിയിട്ടില്ല .തുക പക്ഷം തിരിച്ചടക്കേണ്ടതാണ്

1-2 വാർഷിക ധനകാര്യ പത്രിക

കൂത്തുപറമ്പ് നഗരസഭ കൗൺസിലിന്റെ 30.07.2022 ലെ 8-ാം നമ്പർ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി

31.07.2022	13.09.2022	തിരിച്ചയച്ചിട്ടില്ല

31.07.2022ന് AIMS വഴി വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

ഇനം	തുക (രൂപ)
മുന്നിരിപ്പ്	7,04,76,115.00
ഓഡിറ്റ് വർഷത്തെ വരവ്	13,53,58,260.00
ആകെ	20,58,34,375.00
ഓഡിറ്റ് വർഷത്തെ ചെലവ്	15,41,75,644.00
നീക്കിയിരിപ്പ്	5,16,58,731.00
വരവിനങ്ങളിലെ നഷ്ടം/	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	12,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3,13,407

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ല നീ യി
വികസന ഫണ്ട് ജനറൽ		2,63,21,600	2,63,21,600	2,63,21,600	
വികസന ഫണ്ട് എസ്.സി.പി		16,14,431	16,14,431	14,52,920*	1,61
മെയിന്റനൻസ് റോഡ്		2,11,14,044	2,11,14,044	1,94,96,279	16,1
മെയിന്റനൻസ് നോൺറോഡ്		1,01,73,395	1,01,73,395	96,47,746**	5,25
സെൻട്രൽഫിനാൻസ് കമ്മീഷൻ-ബേസിക		1,17,84,268	1,17,84,268	1,04,94,100	12,9

സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ		1,97,12,655	1,97,12,655	1,38,85,168	58,2
ഗ്രാന്റ് ഫോർ പ്രോജക്ട	841675	0	841675	0	841
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	8,17,711	66,04,275	74,21,986	69,99,975	4,22
എം പി ഫണ്ട്	1123748	100937	1224685	0	122
സെൻട്രൽ ഗവ.ഫണ്ട്	33995102	9618961	43614063	48828	435
ക്ലീൻ കേരള	13,58,690	40,307(പലിശ)	13,98,997	72	13,9

വാർഷിക ധനകാര്യ പത്രിക, സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോഗം തയ്യ നിരീക്ഷിക്കുന്നതിനായി നഗരസഭയിൽ ഒരു രജിസ്റ്ററും സൂക്ഷിക്കുന്നി

*₹42,020ചെലവ് , സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

**₹2,593 ബിൽ ട്രഷറിയിൽ നൽകിയെങ്കിലും മാറിയിട്ടില്ല. അതി സുലേഖയും തമ്മിൽ വ്യത്യാസമുണ്ട്.

സെൻട്രൽ ഗവ.ഫണ്ടിൽ എൻ യു എൽ എം, പി എം എ വൈ, ഐ സ് കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഇവയുടെ ഇനം തിര ഗ്രാന്റ് സ്റ്റേറ്റ്മന്റ് ഹാജരാക്കിയിട്ടില്ല.

1-5-1 നടപ്പിലാക്കാത്ത പദ്ധതികൾ

190 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 146എണ്ണം മാത്രമേ നട നടപ്പിലാക്കാതെ ഉപേക്ഷിച്ചു. തെരുവ് വിളക്കിന് എ എം സി വെക ഗൈഡൻസ്, പേവിഷ നിയന്ത്രണ പരിപാടി , എന്നിവ പോലുള്ള നടപ്പിലാക്കിയിട്ടില്ല .

1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവ്	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാന
190	13,73,26,177	146	9,26,93,712	137	9	44	72

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി അടങ്കൽ	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	പദ്ധതി ചെലവ്	ചെല വഴിച്ച പദ്ധതികളുടെ എണ്ണം	(

1	കൃഷി ഓഫീസർ	28,13,119	6	8,78,159	5	3
2	വെറ്റിനറി സർജൻ	22,63,432	8	12,50,044	7	5
3	മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	74,75,890	6	68,71,706	6	9
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	12,25,000	2	12,21,687	2	1
5	മെഡിക്കൽ ഓഫീസർ (ഹോമിയോ)	1,75,000	2	1,60,812	2	9
6	ഹെൽത്ത് ഓഫീസർ	1,33,05,973	13	67,37,389	7	5
7	ഹെഡ്മാസ്റ്റർ	69,70,000	11	61,12,249	8	8
8	ഐ.സി.ഡി.എസ് സൂപ്പർവൈസർ	37,77,115	7	35,15,318	5	9
9	സെക്രട്ടറി	3,63,00,978	29	2,18,25,499	20	6
10	മുനിസിപ്പൽഎഞ്ചിനീയർ	5,73,97,265	90	4,03,53,936	70	7
11	പ്രോജക്ട് ഓഫീസർ	52,29,150	13	35,10,756	12	6
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	3,93,255	3	2,56,157	2	6
	ആകെ	13,73,26,177	190	9,26,93,712	146	6

1-6 അയ്യങ്കാളി- തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
8,17,711	66,04,275	74,21,986	69,99,975	4,22,011

1-7-1 പെൻഷൻ വിതരണം- മരണപ്പെട്ട ഗുണഭോക്താ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാത്തത് മൂലം പെൻ നൽകപ്പെടുന്നു.

കൂത്തുപറമ്പ് നഗരസഭയിലെ 2021-22 സാമ്പത്തിക വർഷത്തെ ഓ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധ ചുവടെ ചേർക്കുന്നു.

നം	പേര്	ആധാർ നമ്പർ	പെൻഷണർ ഐഡി	ഡെത്ത് രജിസ്ട്രേഷൻ നമ്പർ	മരണപ്പെട്ട തീയതി	
1	മൂസ്സ എം	525514001517	102210207622	208/22	4-09-2022	ഇന്ദ
2	ശാന്ത എം	997919189784	102190600568	285/22	28-12-2021	ഇന്ദ
3	കെ. സരോജിനി (2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23 ൽ ക്രമ നം. 1 ആയി പ്രസ്തുത വിഷയം ചേർത്തിട്ടുണ്ട്)	ലഭ്യമല്ല	102190600914	ലഭ്യമല്ല	09-01-2020	ഇന്ദ
4	വാസു കെ കെ	727218504345	2220235597	248/22	27-10-2022	

						(Kar Fo Mar 6 നര Agri K (Agr (

മേൽ പരാമർശിച്ച വ്യക്തികളുടെ(ക്രമ നം.1 മുതൽ 3 വരെ) പെൻഷ
അധികം നൽകിയ പെൻഷൻ തുക ₹86200 ഈടാക്കുന്നതിന് സ്വീ
പറഞ്ഞിരിക്കുന്ന വ്യക്തി മരണപ്പെട്ട വിവരം പ്രസ്തുത വ്യക്തിക്ക്
"Agricultural Office Kuthuparamb" എന്ന സ്ഥാപനത്തെ രേഖാമൂലം അ
അനർഹരായവർ പെൻഷൻ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പു
ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് പെൻഷൻ തുക എത്
നഗരസഭ തലത്തിൽ സ്വീകരിച്ച നടപടികൾ എന്നിവ വിശദ
അന്വേഷണത്തിന് (32/19-04-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണ
ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേ
ബേസിൽ നിന്ന് ഒഴിവാക്കാൻ നഗരസഭ സെക്രട്ടറിമാർക്ക് നിർദ്ദേശം ന
വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷ
മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ
സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് പെൻഷൻ
സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർ
കൊണ്ട് മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെൻ
വരുത്തേണ്ടതും നഗരസഭയിലെ ഡെത്ത് രജിസ്റ്റർ വിശദമാ
ഗുണഭോക്താക്കളെ കണ്ടെത്തി സേവന സർവീസ് പെൻഷൻ
പരിശോധിച്ച് അർഹതയുള്ള പെൻഷൻ തുക കണക്കാക്കി അനർഹ
സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ
ക്രമ നം .4 ൽ പറഞ്ഞിരിക്കുന്ന വ്യക്തി മരണപ്പെട്ട വിവരം പ്രസ്തുത
നൽകുന്ന "Agricultural Office Kuthuparamb" എന്ന സ്ഥാപനത്തെ
വിഷയത്തിലെ തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറ

1-7-2 ക്ഷേമ പദ്ധതി കണക്കിലെ അപാകങ്ങൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ- 2020-21 ലെ പെൻഷൻ 2021-22 സാമ്പത്തി
6, ഐ 14 ഡി ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തി
പെൻഷൻ വിതരണം ചെയ്തത് മാത്രമാണ് ഉൾപ്പെടുത്തിയത്. വിശദവിവ

പെൻഷൻ തരം	2020-21 ലെ പെൻഷൻ വിതരണം	വ്യത്യാസം	2021-22 പെൻഷ

	As On 31.03.21 (വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതുക)	As On 31.03.22(*)	(2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത്)	വിതര On 31.03 (വാർഷ ധനകാ പത്രിക ഉൾപ്പെ തുക)
കർഷക തൊഴിലാളി പെൻഷൻ	3115700	4573400	14,57,700	2900800
വാർധക്യകാല പെൻഷൻ	30096500	45077900	14981400	3348880
ഭിന്നശേഷി പെൻഷൻ	5075700	7522700	2447000	5328400
അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	5355200	7912300	2557100	5535700
വിധവാ പെൻഷൻ	21237700	31256100	10018400	2144660

(*)2020-21 സാമ്പത്തിക വർഷത്തെ ആകെ പെൻഷൻ ചെലവ്

2020-21 സാമ്പത്തിക വർഷത്തെ ഓരോ ഇനത്തിലുമുള്ള ശരാശരി പെൻ തുകയായ 1600രൂപയിലും കൂടുതൽ വരുന്നതും പരിശോധിക്കപ്പെടേണ്ട

ഇനം	ആകെ പെൻഷൻ കൗണ്ട്	വിതരണം ചെയ്ത തുക	ശരാശരി
കർഷക തൊഴിലാളി പെൻഷൻ	2430	4573400	1882
വാർധക്യകാല പെൻഷൻ	24062	45077900	1873
ഭിന്നശേഷി പെൻഷൻ	3697	7522700	2034
അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	3890	7912300	2034
വിധവാ പെൻഷൻ	15289	31256100	2044

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	2,900,800.00	170
വിധവാപെൻഷൻ	2,14,46,600.00	1363

വാർദ്ധക്യകാലപെൻഷൻ	3,34,88,800.00	2311
ഭിന്ന ശേഷി പെൻഷൻ	53,28,400.00	337
50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ	55,35,700.00	359

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള 04-2023 ന് 2.00 PM സമയത്ത് റവന്യൂ ഇൻസ്പെക്ടറുടെ സാന പരിശോധനയിൽ ₹ 71,726 യുടെ(എഴുപത്തിയൊന്നായിരത്തി മാത്രം)ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിൽ 2021-22 വർഷം സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം ചേർന്നിട്ട യോഗങ്ങളേ ചേർന്നിട്ടുള്ളൂ. 14.12.2021 ന് കൂടിയ യോഗത്തിൽ രണ്ട് മാ ചേരണമെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തീരുമാനം പ്രാവർത്ത മിനുട്ട്സ് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റാഫ് മീ പുരോഗതി, നികുതി പിരിവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവ

ഓഫീസ് അറ്റൻഡർമാരുടെ ജോലി പുന:ക്രമീകരിച്ച് ഉത്തരവാക്കിയിട്ട സമഗ്ര ജോലി വിഭജനം, സെക്ഷൻ പുന:ക്രമീകരണം എന്നിവയൊന്നു ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ പൂർണ്ണമ ബാങ്ക്/ട്രഷറി എന്നിവിടങ്ങളിലായി 19 അക്കൗണ്ടുകൾ സ്ഥാപനത്തിന് സാമ്പത്തികനില മാസാവസാനം/വർഷാവസാനം പൊ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും , റീകൺസിലിയേഷൻ കൃത്യ ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്ററുക പോരായ്മയാണ്. ബാങ്ക്/ട്രഷറി നീക്കിയിരിപ്പ് ഓരോ മാസാവസാനവു പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വക്കേണ്ടതാണ് .ഇ പതിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ധനദുരുപയോഗത്തിന് സാധ്യത അനധികൃത കെട്ടിടത്തിലെ വസ്തു നികുതി ഉൾപ്പെടെ വിവിധ വര കോടി ഉണ്ട്. ഇവ ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകര നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരന്തരം വ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക അധികമായി നൽകപ്പെടുന്നു സംയുക്ത പരിശോധന നടത്താതെ വെള്ളക്കരമൊടുക്കുന്നത് ശരിയായ നടപടിയല്ല. പി എം എ ഗഡുക്കൾ കൈപ്പറ്റി ഭവനം പൂർത്തീകരിക്കാത്ത പൂർത്തീകരിക്കാത്തതിനുള്ള കാരണം കണ്ടെത്തി ആവശ്യമായ നടപട

1-10 വാർഡ് സഭ

കോവിഡ്-19 രോഗവ്യാപനം അതിരൂക്ഷമായ സാഹചര്യമായതിനാ വാർഡ് സഭായോഗം ചേർന്നിട്ടില്ല. 2021-22 വർഷത്തെ പദ്ധതി രൂപീക വാർഡ് സഭ ചേർന്നിട്ടുണ്ട്. പീന്നീട് 05/22 ലാണ് വാർഡ് സഭ യോഗം ചേർ

1-11 "സകർമ" ഓൺലൈൻ ആപ്ളിക്കേഷൻ വിന്യസ

സ.ഉ (സാധാ) നം. 3630/2015/തസ്വഭവ തീ: 3.12.2015 പ്രകാരം എല്ലാ തദ്ദേ "സകർമ" ഓൺലൈൻ ആപ്ളിക്കേഷൻ വിന്യസിക്കുന്നതിന് സർക്കാ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി യോ അതുവഴി ഭരണനിർവ്വഹണത്തിന്റെ സുതാര്യത ഉറപ്പു വരുത്തു കൂത്തുപറമ്പ് നഗരസഭയിൽ ഇതുവരെ നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. നില രീതി സുതാര്യവും ഭരണ നിർവ്വഹണത്തിന് യാതൊരു ബുദ്ധിമുട്ടും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/26.4.2023) മറുപടി നൽകിയത് . ഭരണഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ചിട്ടയാ ലഭിച്ച അധികാരങ്ങൾ കാര്യക്ഷമമായും സത്യസന്ധമായും സുതാര്യ വിധേയമായും വിനിയോഗിച്ച് കൊണ്ട് അധികാര വികേന്ദ്രീകര സ്ഥാപനത്തിന്റെയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ജനപ്രത സഹായിക്കുന്നതിന് വേണ്ടിയാണ് ഈ സോഫ്റ്റ് വെയർ തയ്യാറാക്കിയ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വസ്തു നികുതി-ഭേദഗതി ഉത്തരവ് പ്രകാരമുള്ള അ നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തു നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട സ.ഉ (അ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾ തസ്വഭവ. തീയതി 18-11-19, സ.ഉ (അ) നമ്പർ 52/2020/തസ്വഭവ തീയതി 8-9 ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ ഉൾപ്പെട്ട ഓ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ നഗരസഭയും അത അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേ നഗരസഭയ്ക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണെന്നറിയിച്ചു കെ എൻകഫയറിക്ക്(നം.20/13-04-2023)മറുപടി ലഭ്യമാക്കിയിട്ടില്ല. അട് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ നികുതി നിരക്കുകൾ രേഖപ്പെടുത്തേ

1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശ ഈടാക്കിയിട്ടില്ല

കൂത്തുപറമ്പ് നഗരസഭ പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചുവടെ പ നിന്നും വസ്തു നികുതി കുടിശ്ശികയിനത്തിൽ ആകെ ₹ 91,223/-(സഞ്ച പരിശോധിച്ചപ്പോൾ) നഗരസഭയ്ക്ക് ലഭിക്കാനുണ്ട്.

ക്രമ നം	വാർഡ് നം./	മൊബൈൽ ടവർ ഉടമസ്ഥൻ	വസ്തുനികുതി കുടിശ്ശിക (₹)	കുടിശ്ശിക കാലയളവ്

	കെട്ടിട നം.			
1	1/140/A	Indus Towers Limited	35,571/-	2018-19 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ
2	5/56	Nishanth M	55,652/-	2017-18 രണ്ടാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ
			91,223/-	

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.18/12-04-2023) മറുപടി ലഭ്യമാക്ക മേൽ പറഞ്ഞിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടി കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 538(2) കാണുക) ഇ അറിയിക്കേണ്ടതാണ്.

1-14 സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള വസ്തു നിക (₹1,20,372)ഈടാക്കിയിട്ടില്ല

കൂത്തുപറമ്പ് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാ കുടിശ്ശികയിനത്തിൽ ചുവടെ ചേർക്കും പ്രകാരം കുടിശ്ശിക ഇ (സഞ്ചയയിലെ LIST OF ARREAR BUILDING 2022-23 പരിശോധിച്ചത് പ്രകാര

ക്രമ നം	കെട്ടിട നമ്പർ	ഉടമ	കെട്ടിടത്തിന്റെ ഉപയോഗ ക്രമം	വ
1	25/634	ജനറൽ മാനേജർ, ടെലികോം കണ്ണൂർ	ഓഫീസ്ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
2	25/648	അസി. പബ്ലിക് പ്രോസിക്യൂട്ടർ	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
3	25/649	ജുഡീഷ്യൽ സെക്കന്റ് ക്ലാസ്സ്മജിസ്ട്രേറ്റ്	ഓഫീസ് ആവശ്യത്തിനുള്ളവ	

			(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
	25/650	ജുഡീഷ്യൽ സെക്കന്റ് ക്ലാസ്സ്മജിസ്ട്രേറ്റ്	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
4	22/16A	അസി.എഞ്ചിനീയറിംഗ് ഓഫീസ്	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
5	25/630	സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്, കൂത്തുപറമ്പ്()	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
6	25/646	സബ് രജിസ്ട്രാർ ഓഫീസ്, കൂത്തുപറമ്പ്	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	
ആകെ				1

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ക
നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷ
ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള വസ്തു നികുതി കുടിശ്ശ
കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 538(2) കാണുക) ഇ
അറിയിക്കേണ്ടതാണ്.

1-15 അനധികൃത കെട്ടിടത്തിൽ നിന്നും വസ്തു നികു ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 242 പ്രകാരം
കെട്ടിടങ്ങൾക്ക് കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233(2) ആം
ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യ
കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത
നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നിക
രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അത് നിർമ്മിച്ച നാൾ മ
വസ്തു നികുതിയായി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .

കൂത്തുപറമ്പ് നഗരസഭയിലെ അനധികൃത നിർമ്മിതികളെ പറ്റിയ
വെയറിൽ പരിശോധിച്ചപ്പോൾ 3 അനധികൃത കെട്ടിടങ്ങൾക്ക് പ്രത്യേ
നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു(14/20 UAC, 21/1 UAC,21/36 U

നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി 2018-19 രണ്ടാം അർദ്ധം വർഷ വർഷം വരെ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുണ്ട് .കുടിശ്ശിക വിവ

കെട്ടിട നമ്പർ	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിട ഉടമയുടെ വിവരം	വസ്തു നികുതി കുടിശ്ശിക
21/1UAC	വിദ്യാഭ്യാസാവശ്യം	ജനറൽ സെക്രട്ടറി മാതാഅമൃതാനന്ദമയി മഠം,പൂക്കോട്	2018-19 രണ്ടാം അർദ്ധ വർഷം = 130505 2019-20 ഒന്നാം അർദ്ധ വർഷം = 130507 2019-20 രണ്ടാം അർദ്ധ വർഷം = 130506 2020-21 ഒന്നാം അർദ്ധ വർഷം = 130507 2020-21 രണ്ടാം അർദ്ധ വർഷം = 130506 2021-22 ഒന്നാം അർദ്ധ വർഷം = 130507 2021-22 രണ്ടാം അർദ്ധ വർഷം = 130506 ആകെ – ₹913544

പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്ന വിശദാശംങ്ങൾ ലഭ്യമാക്കുവാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണ

ലഭ്യമാക്കിയിട്ടില്ല .

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 FTE&OS ലൈസൻസ് ഫീസ് ഈടാക്കിയതിലെ അ

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 ത.സ്വ.ഭ.വ തീയ്യതി 30-10-2020 പ്രക കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഉൽപാദന മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് അവ അടിസ്ഥാനത്തിലാണ് വാർഷിക ലൈസൻസ് ഫീസ് ഈടാക്കേ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയ തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് പട്ടിക 3 ര മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുക ലൈസൻസ് ഫീസ് യഥാക്രമം 500,1000,5000,10000,15000 ആയിരിക്കെ ച നിന്നും പ്രസ്തുത ചട്ടത്തിന് വിരുദ്ധമായാണ് ലൈസൻസ് ഫീസ് ഈടാക്ക

ക്രമ നം	സ്ഥാപനം/കെട്ടിട നം	ഉടമയുടെ പേര്	ഈടാക്കിയ ലൈസൻസ് ഫീസ്
1	ഫ്രഷ് ടെക്സ് ഹോയ്സറി(തയ്യൽ യൂണിറ്റ്) (24/115)	മഹമ്മൂദ് അച്ചാരത്ത്	2000/- (108939/4-02-2021)
2	റിയ ടെയ്ലറിങ് (25/775)	അജിത പ്രേംരാജ്	1500/- (108814/3-02-2021)
3	ഖാന പീന(ഹോട്ടൽ) (25/51)	സജീർ പി	2500/- (108942/3-02-2021)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/12-04-2023) 2 ലൈസൻസ് അനുവദിച്ചിരിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അ മറുപടിയാണ് ലഭിച്ചത് .
സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്ത് ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നത് പരിശോധിച്ച് ഉറപ്പു വരുത്തേ ലൈസൻസ് ഫീസ് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അറിയിക്കേണ്ടതുമാണ്.

1-17 FTE&OS ലൈസൻസ് അപേക്ഷയിൽ ജീവനക്കാര രേഖപ്പെടുത്തുന്നില്ല - ജീവനക്കാരുടെ തൊഴിൽ നിക ഗണ്യമായ ശോഷണത്തിന് സാധ്യത

കൂത്തുപറമ്പ് നഗരസഭയിലെ 2021-22 വർഷത്തെ FTE&OS ലൈസൻ ഒട്ടുമിക്ക അപേക്ഷകളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

നം	സ്ഥാപനത്തിന്റെ പേര്/ കെട്ടിട നം	സ്ഥാപന ഉടമ	അടവാക്കിയ ലൈസൻസ് ഫീസ്/ രസീത് നം.	ലൈസൻസ് അപേക്ഷയ രേഖപ്പെടുത്തിയി ജീവനക്കരുടെ
1	ഖാന പീന (ഹോട്ടൽ) 25/51	സജീർ പി	2500/- 108942/3-02-2021	രേഖപ്പെടുത്തി (ലൈസൻ അപേക്ഷയ സ്ഥാപനത്തി തൊഴിലാളിക മെഡിക്കൽ ഫി സർട്ടിഫിക്ക സമർപ്പിച്ചിട്ടു
2	സീ എം ട്രേഡേഴ്സ് (ടൈൽസ്&സാനിറ്ററി) 25/272J	ഷാഖിൽ വി	5000/- 110848/19-02-2021	രേഖപ്പെടുത്തി
3	പ്ലാസ മാർബിൾസ് & ഗ്രാനൈറ്റ്സ് 17/749(1)	മുഹമ്മദ് അഷറഫ് ബി	1000/- 115374/25-03-2021	രേഖപ്പെടുത്തി
4	ശങ്കർ വുഡ് ഇൻഡസ്ട്രീസ് 2/12	വി സി കരുണൻ	1000/- 114387/18-03-2021	7
5	ഫോർ വീൽസ് 5/275A	ആയിഷ നദ അബ്ദുൾ ഗഫൂർ	1000/- 109498/9-02-2021	രേഖപ്പെടുത്തി
6	ഡോ.ഷിന്റോസ് ഗോൾഡൻ ഡെന്റൽ ഹബ്	ഷിന്റോ തോമസ്	1000/- 111827/24-02-2021	രേഖപ്പെടുത്തി
7	അശ്വതി മിനി സൂപ്പർ മാർക്കറ്റ്	ബാബു കേളോത്ത്	1000/- 11636/23-02-2021	രേഖപ്പെടുത്തി

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവന ഈടാക്കുന്നതിനായി ഫോം നം 5 പ്രകാരം നോട്ടീസ് നൽകുകയോ റിട്ടേൺ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ ലഭ്യമാക്കുവാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/11-04- സ്ഥാപനത്തിനും ഫോം നം 5 പ്രകാരം നോട്ടീസ് നൽകിയിട്ടില്ല എന്ന മുതൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങൾക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി സമർപ്പിച്ച

സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന FTE&OS ലൈസൻസ് അപേ പൂർണമാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടുന്നതും ഒന്നി

ചെയ്യാൻ സാധ്യതയുള്ള മേൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള ന
തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനാ
വരുത്തുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 253, 2
അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അട
അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ
സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ
കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം
ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 നഗരസഭ പരിധിയിലെ ജിംനേഷ്യങ്ങൾ ലൈസ
ലൈസൻസ് ,1963 ലെ KPPR നിയമ പ്രകാരമുള്ള ലൈസ

2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക
പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ച
പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾ FTE&OS ലൈസൻസ് എടുക്കേണ്ടുന
Resort Act ലെ 3 -ാം വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപ
നിർമ്മാണമോ സ്ഥിരനിർമ്മിതമായതോ ആയ 50 ച.മീറ്റർ വിസ്
കെട്ടിടമോ ലൈസൻസ് ഇല്ലാതെ പൊതു റിസോർട്ടിനോ, വി
പാടില്ലെന്നും , പ്രസ്തുത ലൈസൻസിനായി 4-ാം വകുപ്പ് പ്രകാരം നി
നൽകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട് . പ്രസ്തുത അപേക്ഷയുടെയും
നഗരസഭ കമ്മീഷണർ FTE&OS ലൈസൻസ് കൂടാതെ Kerala Places
ലൈസൻസ് കൂടെ അനുവദിക്കേണ്ടതാണെന്നും പ്രതിപാദിക്കുന്നുണ
Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടത്
സ്ഥാപനങ്ങൾക്കുള്ള 01.08.2022 ലെ എൽ എസ്ജിഡി - ആർ ഡി1 /47/2022
ഹൈക്കോടതിയുടെ 11/07/2022 ലെ 22937/2021 വിധിന്യായം എന്നിവയിൽ
കൂത്തുപറമ്പ് നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആകെ ജിം
FTE&OS ലൈസൻസ്,1963 ലെ Kerala Places Of Public Resort Act പ്രകാരമു
പ്രവർത്തിക്കുന്നവയുടെവിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമർപ്പിച്ച ഒ
04-2023) നഗരസഭ പരിധിയിൽ ആകെ 3 ജിംനേഷ്യങ്ങൾ പ്രവർത്തി
തന്നെ FTE&OS ലൈസൻസ്,1963 ലെ Kerala Places Of Public Resort Act പ്ര
എടുത്തിട്ടില്ലെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.
FTE&OS ലൈസൻസ്,1963 ലെ Kerala Places Of Public Resort Act പ്ര
എടുക്കുന്നതിനായി നഗരസഭ പരിധിയിലുള്ള മുഴുവൻ ജിംനേഷ്യങ്ങ
പ്രസ്തുത സ്ഥാപനങ്ങൾ കൃത്യമായ ഇടവേളകളിൽ ലൈസൻസ് പു
,തനത് ഫണ്ട് ചോർച്ച ഉണ്ടാവുന്നില്ലെന്നും സെക്രട്ടറിയും, റവന്യൂ
കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതുമാണ്.നിലവിൽ നഗരസഭാ പ
എടുക്കാതെ പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങളിൽ നിന്നും 20
(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംര
സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 23 പ്രക
ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 തൊഴിൽ നികുതി വരവ് അപാകങ്ങൾ

1)ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ നഗരസഭ വ്യാപാരികളുടെ പേര്, കെട്ടിട നം , ഡിമാന്റ് ചെയ്ത നികുതി, നികുത അർദ്ധ വാർഷിക വരുമാനം എന്നിവ ചേർത്തിട്ടുണ്ട്.എന്നാൽ തൻ മുഴുവൻ വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയതിന്റെ വിവ ആകെ ഡിമാന്റ് , കലക്ഷൻ ,കുടിശ്ശിക എന്നിവ കണക്കാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.വാർഷിക ധനകാര്യ പത്രിക ബി-1 ഈ ഇനത്തിൽ ₹212562 (മുൻ വർഷത്തെ അരിയർ ₹399037) കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇ ,കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കു കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഇ അന്വേഷണത്തിന് (നം.8/11-04-2023) പ്രസ്തുത രജിസ്റ്റർ നഗരസഭയിൽ ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി കുടിശ്ശികയിനത്തിൽ ₹2,78,130 വരവ് വന്നിട്ടുണ്ടെന്നും കുടിശ്ശികയി (399037-278130) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്.

1-20 റേഷൻ കടകളിൽ നിന്നും ജീവനക്കാരുടെ തൊ ഈടാക്കുന്നില്ല

കൂത്തുപറമ്പ് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടക വർഷം FTE&OS ലൈസൻസ് ഫീസ്,സ്ഥാപന തൊഴിൽ നികുതി എന്നി ലെ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.ഇതോട അന്വേഷണത്തിന്(നം.8/11-04-2023)അടുത്ത സാമ്പത്തിക വർഷം മുതൽ റേഷൻ കടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി കേരള മുനിസിപ്പാലിറ്റ തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.തുടർ നടപടികള അറിയിക്കേണ്ടതാണ് .

1-21 മുഴുവൻ കരാറുകാരിൽ നിന്നും തൊഴിൽ നിക

2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3(പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരി ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തികവർഷം നഗരസഭ പരിധിയ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴി

ക്രമ നം	പേര്
1	ശ്രീ.ജയപ്രകാശ
2	ശ്രീ.പ്രമോദൻ
3	ശ്രീ.ജിജേഷ്

മേൽ പറഞ്ഞിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി വിശദമാക്കുവാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/11-04-202 അടുത്ത സാമ്പത്തിക വർഷം മുതൽ കൃത്യമായി തൊഴിൽ നികുത നൽകിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കാത കരാറുകാരിൽ നിന്നും 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയ

1-22-1 വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള വാടക അരിയർ ഡിമാൻഡ് രജിസ്റ്റർ 2021-22 സാമ്പത്തിക വർഷത്തിലെ വാടക കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നു.

I) ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് II Nd ഫ്ലോർ				
ക്രമ നം.	കടമുറി നം.	വാടക്കാരൻ	വാടക കുടിശ്ശിക	GST കുടിശ്ശിക
1	25/708	പി വി പ്രേമ കുമാരി	14298	858*3മാസം =2574
II) ബങ്ക്				
1	25/657E	ഗീത കെ	38115	624*11 മാസം =6864
III) ന്യൂ ബങ്ക്				
1	1/1	രാജീവൻ വി ടി	6000	90*12മാസം=1080
IV) ന്യൂ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്				
1	14/401A18	സുരേഷ് ബാബു	30240	778*7മാസം=5446
2	14/401A25	ശ്രീജേഷ് എം	8100	486*3മാസം=1458
3	14/401B19	നിയാസ് വലിയകത്ത്	51840	778*12മാസം=9336
4	14/401B25	എൻ പി ഹനീഫ	25920	388*12മാസം=4656
5	14/401B28	വി സുഹറ	31104	466*12മാസം=5592
6	14/401B30	കാളിയാരവാൻ വത്സല	31104	466*12മാസം=5592
7	14/401B34	എൻ നൗഷാദ്	4752	78*11മാസം=858
8	4/FF1	എൻ വി അലിയുമ്മ	18720	280*12മാസം=3360

9	4/FF10	കെ കെ അബ്ദുൽ സലാം	37440	562*12മാസം=6744
10	4/FF11	കെ നജീബ്	24960	562*8മാസം=4496
11	4/FF13	ഷമീർ വലിയകത്ത്	37440	562*12മാസം=6744
12	4/FF14	കോന്തോത്ത് അബൂബക്കർ	37440	562*12മാസം=6744
13	14/401B33	കുഞ്ഞിപ്പുരയിൽ ഖാലിദ്	31104	466*12മാസം=5592
V)മത്സ്യ മാർക്കറ്റ്				
1	14/401C13	സി കെ അന്തുമാൻ	10800	162*12മാസം=1944
2	14/401C3	കെ അബ്ദുള്ള	10800	162*12മാസം=1944
3	14/401C9	പി പി നാസർ	5400	162*6മാസം=972
ആകെ			4,55,577/-	81,996/-

2021-22 സാമ്പത്തിക വർഷത്തിലെ വാടക കുടിശ്ശിക ഈടാ
വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/26-04-202
മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ക്രമ നം.5,6,7,8,9,10,12,13,14 എന്നിവ പ്ര
കുടിശ്ശിക അവരുടെ ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുവാൻ നഗരസ
2022ലെ കൗൺസിൽ തീരുമാനം നം.1,2) കൈക്കൊണ്ടതാണെന്നും പട്ട
വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനായി നോട്ടീ
സമർപ്പിച്ചിട്ടുണ്ട്.
മേൽപ്പറഞ്ഞിരിക്കുന്ന വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക പിഴ
കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 538 (2) കാണുക) വിവരം ഓഡിറ്റി

1-22 കെട്ടിട വാടക വരവ് പൊതു അപാകങ്ങൾ

1)നഗരസഭയിൽ വാടക ഡിമാൻഡ് രജിസ്റ്റർ/വാടക അരിയർ
സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ വാടക വരവിന്റെ വാർഷിക
സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതു മൂലം വാർഷിക ധനകാര്യ പത്രിക
ഡിമാൻഡ് ,വരവ്, വാടക കുടിശ്ശിക എന്നിവയുടെ കൃത്യത പ
സാധിക്കുന്നില്ല. (രജിസ്റ്റർ പ്രകാരം വാടക ഇനത്തിലെ 2021-22 വർഷ
യും 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക ബ
കുടിശിക 23,41,404 യുമാണ് പ്രസ്തുത വ്യത്യാസത്തിന് വിശദീകരണം ല
2)കൂത്തുപറമ്പ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആമ്പിലാട്
കടമുറികൾ),ന്യൂ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്(54 കടമുറികൾ) എന
വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.പ്രസ്തുത കടമുറികൾ
നടപടികൾ വിശദമാക്കാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തി
ഷോപ്പിംഗ് കോംപ്ലക്സിലെ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കി
പണികൾ നടന്നു കൊണ്ടിരിക്കുകയാണെന്നും റിപ്പയർ പൂർത്തീ
വാടകയ്ക്ക് നൽകുന്നതിനുള്ള ലേല നടപടികൾ സ്വീകരിക്കുന
വ്യവസായ എസ്റ്റേറ്റിലെ ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ ലേലം 1

കടമുറികൾ ഏറ്റെടുത്തിട്ടില്ലായെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. വാട
കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടു

3) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215, ഉപ
മുനിസിപ്പാലിറ്റിയ്ക്ക് വ്യാപാരത്തിനോ, അല്ലാതെയോ ആയി കെട്ടിട
ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊ
പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്
ഉപയോഗിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥക
കൊടുക്കേണ്ട സമയവും ഉൾപ്പെടുന്ന കരാർ ഉചിതമായ
എഴുതിയുണ്ടാക്കിയിരിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ കടമ
വാടകക്കാരുമായും കരാർ വച്ചതിന്റെ രേഖകൾ നഗരസഭയിൽ സ
മുദ്രപത്രത്തിൽ കരാർ വയ്ക്കാത്തതുമൂലം സംസ്ഥാന സർക്കാരിന
കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് ന
കരാറിൽ ഏർപ്പെടാത്തതിനാൽ വാടകക്കുടിശ്ശിക വരുത്തുന്നവർക്കെ
സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുകയില്ല. കരാർ പ
അറിയിപ്പ് നൽകേണ്ടതും അടുത്ത സാമ്പത്തിക വർഷം മുത
നിയമാനുസൃതമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ സംബന്ധി
ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

1-23 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2021-22 വർഷത്തെ വാർഷിക
ഷെഡ്യൂൾ പ്രകാരം വസ്തു നികുതി തൊഴിൽ നികുതി, ഡി&ഒ ലൈസൻ
ഇനങ്ങളിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

ക്രമ	നികുതി ഇനം	31-3-2022 ലെ ബാല തൻവർഷം
1	വസ്തുനികുതി	₹ 1,60,15,858
2	തൊഴിൽനികുതി ട്രേഡേഴ്സ് / ഇൻസ്റ്റിറ്റ്യൂഷൻ	₹ 2,12,562
3	വാടക (From Civic Amenities)	₹23,41,404
4	ലൈസൻസ് ഫീ	₹ 16,79,680
5	സർവീസ് സെസ്	₹9,71,499

മേൽപ്പറഞ്ഞ വരവിനങ്ങളിലൊന്നും തൻവർഷ വരവുകളുടേയും
കളക്ഷൻ - ബാലൻസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ
ഡിമാന്റുകളുടേയും വരവുകളുടേയും കുടിശ്ശികകളുടേയും അ
സാധിച്ചിട്ടില്ല.

(*നെഗറ്റീവ് ഫിഗർ കാണുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല)

മുഴുവൻ വരവിനങ്ങളുടെയും ഡിസിബി കൃത്യതയോടെ
പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നത
സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും ശ്രദ്ധയിൽ

1-24 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജ്ജിതാവ

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് വിഭ
ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ
നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. 2021-2022 സാമ്പത്തിക വർ
അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31
കത്ത് പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതി
നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം
ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നി
ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്
ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന്
01.06.2021 മുതൽ 6 മാസത്തേക്കുകൂടിയും പിന്നീട് വിവിധ സർക്കാർ
തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ
ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി
സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്ന
നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ലാസ്റ്റ്
ജീവനക്കാർ ഒഴികെയുള്ള മുനിസിപ്പാലിറ്റിയിലെ സ്ഥിരജീവനക്കാ
അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

തുക/ വൗച്ചർ നമ്പർ/ തീയ്യതി	ക്രമ നമ്പർ	ജീവനക്കാരുടെ പേര്	തസ്തിക	തുക ₹
₹1055872 140/01.06-2021	1	പ്രസൂനൻ ഒ	ഹെഡ് ക്ലർക്ക്	58082
	2	നിഷ നെയ്യൻ	ടൈപ്പിസ്റ്റ് (സീനിയർ ഗ്രേഡ്)	56726
	3	ബിനോയ് സി	സീനിയർ ക്ലർക്ക്	50285
	4	രാകേഷ് സി.കെ	സീനിയർ ക്ലർക്ക്	46669
	5	ചിത്ര സുമതി കെ	ബിൽ കളക്ടർ	33335
	6	രോഷിത്ത് എം	ബിൽ കളക്ടർ	31527
	7	ജീവേഷ് പി	ഡ്രൈവർ	40228
	8	രാജശേഖരൻ പി.ആർ	റവന്യൂ ഇൻസ്പെക്ടർ	58082
	9	ശശി അഞ്ചൻകുടി	ബിൽ കളക്ടർ	39211
	10	ശശിധരൻ എ	ക്ലർക്ക്	33335
	11	ശരത് എൻ പി	ബിൽ കളക്ടർ	30736
	12	ബിവിത വി.കെ	സീനിയർ ക്ലർക്ക്,എഞ്ചിനീയറിങ്	42262
